
# ദ്യുതി
# 2024



**VIVEKANANDA** HIGHER SECONDARY & VOCATIONAL HIGHER SECONDARY SCHOOL

POREDOM, CHADAYAMANAGALAM, KOLLAM


"
Arise! Awake!
And Stop Not Until
The Goal is Reached.
"

ദ്യുതി 2024

# OUR SCHOOL......











# Our Manager



## Sri. Poredom Badar

# OUR HEADMASTER(HS)



## Ramli M.S

# SENIOR ASSISTENT (HS)



## Pushpa A.S

ദ്യുതി 2024

# എഡിറ്റോറിയൽ

ദ്യുതി അതെ ഇത് ദ്യുതിയാണ്.

ദ്യുതി എന്നാൽ പ്രകാശം എന്നർത്ഥം.

ഏകതയുടെ ദ്യുതി. പ്രതീക്ഷകളുടെ ദ്യുതി.

കലയുടേയും സാഹിത്യത്തിന്റേയും ദ്യുതി . നമ്മുടെ

ഉള്ളിലെ നൊമ്പരങ്ങളുടെ ദ്യുതി.

എന്ത് പ്രതിസന്ധിയേയും നേരിട്ട ലോക

ജനതയുടെ ആത്മവിശ്വാസത്തിന്റെ ദ്യുതിയ്ക്ക

മുൻപിൽ

'ലോകാസമസ്താ സുഖിനോ ഭവന്തു" എന്ന

പ്രാർത്ഥനയോടെ ഞങ്ങൾ സമർപ്പിക്കുന്നു.

# Content

8..........അമ്മയ്ക്ക് തുല്യം അമ്മ മാത്രം

9............ഇരുട്ട്

10...........തീക്കനൽ

11...........മരീചിക

12......  അക്ഷരം

13......  നൊമ്പരം

14......ഒരു  മഴക്കാലം

16......UNSPOKEN TRUTH

17......MY CAT IS FAT

18......ഓർമ്മകൾ

ദ്യുതി 2024

# അമ്മയ്ക്ക് തുല്യം അമ്മ മാത്രം

'അ' യിൽ തുടങ്ങുന്ന ഭാഷ അമ്മയിൽ ഉണരുന്ന സ്നേഹം! അമ്മയെന്ന രണ്ടക്ഷരത്തിന്റെ അർത്ഥവും വ്യാപ്തിയും കണ്ടെത്തുക എന്നത് അനിർവചനീയവും അപ്രാപ്യയമായ കാരമാണ് അമ്മ ലോകത്തിലെ ഏറ്റവും മനോഹരമായ പദം അമ്മ,ഉമ്മ എന്ന് എങ്ങനെ വിളിച്ചാലും വിളിക്കുന്നയാളിനും,
കേൾക്കുന്നയാളിനും ഇന്നു ഇത്രയേറേ സംതൃപ്തി നൽകുന്നു ഒരു വാക്ക്. ഒരു ഭാഷയിലും കാണില്ല.

നമുക്ക് നമ്മുടെ അമ്മമാരോട് അടുപ്പം ഇത്തിരി കൂടുതലാണ് കാരണം പിറന്ന് വീണ അന്ന് മുതൽ എന്നും എപ്പോഴും ആ തുണ അല്ലെങ്കിൽ ആ തണലില്ലാതെ നമുക്ക് പറ്റില്ല.
പിച്ച വെച്ച് നടന്ന കാലം മുതൽ ഈ ലോകത്ത് നിന്ന് നമ്മൾ വിടപറയുന്നത് വരെ സുഖത്തിനും ദുഃഖത്തിനും ഒരേ പോലെ ഉരുവിടുന്ന ഒരു പേരാണ് അമ്മ. നല്ലതായാലും ചീത്തയായാലും സങ്കടം വരുമ്പോഴും സന്തോഷം തോന്നുമ്പോഴും ഞാൻ ഓടിയെത്തുന്നത് എന്റെ അമ്മയുടെ അടുത്തേക്കാണ്. ആ തലോടൽ അല്ലെങ്കിൽ ആ സാന്ത്വനം ആഗ്രഹിക്കാത്തവരുണ്ടോ? എന്റെ ഉയർച്ചയിലെും താഴ്ച്ചയിലും ഇന്ന് എനിക്ക് കൈത്താങ്ങായി , തണലായി എന്റെ അമ്മയുണ്ട്. അമ്മയിലേക്ക് എന്നെ അടുപ്പിച്ചതിന് പിറകിലും കാലത്തിന് പറയാൻ കാരണങ്ങൾ ഏറെയുണ്ട്.
നീ എവിടെയാണ് ആഹാരം കഴിച്ചോ എത്താറായോ കൂടെ കൂടെ ഇങ്ങനെ ചോദിക്കാൻ ഒരാൾ വേണം അതിന് അമ്മയ്ക്കേ കഴിയൂ എത്ര തിരക്കാണ് എങ്കിലും വിളിച്ചാൽ വിളിപ്പുറത്ത് എത്തുന്ന വാത്സലനിധിയാണ് അമ്മ. അമ്മയ്ക്ക് തുല്യം അമ്മ മാത്രം

Naaif Sajeeb

# ഇരുട്ട്

ഒറ്റക്കിരിക്കുമ്പോൾ അരികിൽ അണയുന്നു
നെഞ്ചൊന്നു പിടയുമ്പോൾ താങ്ങായി നിൽക്കുന്നു
അഴലകറ്റീടുവാൻ എത്തുന്നു ചാരെ
കണ്ണീരൊപ്പി അകലുന്നു ദൂരെ.....

കൂട്ടായി കൂടുന്നു, തുണയായ് തുണയ്ക്കുന്നു
ഒന്നായി ഓർക്കുന്നു, മിഴികൾ മൊഴിയുന്നു
"എല്ലാം മായയാണീ പ്രപഞ്ചത്തിൽ
എല്ലാം മറയുന്നതീ കണ്മുൻപിൽ."

കാറ്റിന്റെ വിളിയിൽ മഴയലിയുന്നു
സൂര്യന്റെ വരവിൽ ചന്ദ്രനൊളിക്കുന്നു,
ജീവിതപാതയിൽ മാനവർ നീങ്ങുന്നു
അങ്ങനെ ഞാനും ഇരുട്ടും ബാക്കിയായി.....

ഇരുട്ടിൽ മുഖംപൊത്തി വിങ്ങുന്ന മന-
സ്സുകൾ അറിഞ്ഞില്ലൊരുനാൾ ഇരുട്ടും മടങ്ങുമെന്ന്!
വെളിച്ചം ഇരുട്ടിനെ മായ്ക്കുന്നു മറയ്ക്കുന്നു
ഒടുവിൽ എനിക്കായി ഞാൻ മാത്രമാകുന്നു.

Bismiya

ദ്യുതി 2024

# തീക്കനൽ

തീക്കനൽ ജ്വാലയായി
നീ പറക്കൂ...
നിൻ പ്രതിസന്ധികൾ
തരണം ചെയ്യൂ
പ്രതീക്ഷയുടെ തീജ്വാലകൾ തേടി
അരികിലെത്താൻ ശ്രമിക്കൂ
നീ..........
നിനക്കു പറ്റും നിനക്കു മാത്രം.....
നിനക്കായി കാത്തു നിൽക്കയായി
ഞാൻ.....

Sreehari Manoj

# മരീചിക

ഞാൻ നിന്നെ പ്രണയിച്ചിരുന്നു
എന്നിലുമേറെ,
അറിഞ്ഞിരുന്നില്ല ഞാൻ ഇത്രനാളും
ഇരുന്നത് സാങ്കൽപിക പീഠത്തിലാണെന്ന്
എൻ മരണമൊഴിയിലും ഞാൻ
നിന്നെ കാത്തു
എൻമാതാപിതാക്കളോടും
പറഞ്ഞില്ല നീ തന്ന പാനീയമാണെൻ
ജീവൻ കവർന്നതെന്ന്
നീ, എന്നോട്  പറഞ്ഞിരുന്നങ്കിൽ ഞാൻ
എന്നേ, വിടപറഞ്ഞേനെ, എന്നിട്ടും നീ!
എനിക്കു നഷ്ടം എൻ ജീവൻ
സഖി നിനക്കോ നിൻ ജീവിതം
ഞാനൊരുതാരകമായി മാറിയപ്പോഴും
എൻ മിഴിതിരഞ്ഞത് നിന്നെ
കടമെടുക്കട്ടെ കവിതൻ വാക്കുകൾ
കപടസ്നേഹിതയെ ഈ കവിതചൊല്ലി
തിരസ്കരിക്കുന്നു നിന്നെ ഞാൻ
‘കപടമീ ലോകത്തിലാത്മാർത്ഥമായൊരു
ഹൃദയമുണ്ടായതാണെൻ പരാജയം.’

Akhil.P

# അക്ഷരം

മോഹിപ്പിക്കും അക്ഷരങ്ങളെ
കഥകളായ് കവിതകളായ്
നയനലാസ നൃത്തമാടും
അപ്സരസുകൾ
നിങ്ങളെൻ ആത്മസഖികൾ
ശൈശവത്തിൽ അമ്മ എന്ന
രണ്ടക്ഷരത്തിൽ
സ്നേഹം മാത്രം ചൊല്ലിതന്ന
നിങ്ങൾ
ജീവിതപാതകളിൽ കൂട്ടായ് വന്നു
ബാല്യകൗമാരങ്ങളിൽ അറിവിൻെ
ജാലകങ്ങൾ തുറന്ന് തന്നു
ഉള്ളിലെരിയും അണയാദീപമായി
മാറി നീ..



Chinmay.AS

# നൊമ്പരം

എത്ര മനോഹരമാണീ കേരളം
എത്ര സുന്ദരമാണീ ലോകം
പക്ഷേ എന്തുകൊണ്ടോ മനസ്സ്
നൊമ്പരപ്പെടുത്തുന്ന കാഴ്ചകൾ
ലഹരിയിൽ മുഖരിതമായ കാലമേ
നീയൊന്നു തിരിഞ്ഞുനോക്കുകിൻ
കാട്ടിൽ പെറ്റമ്മതൻ നൊമ്പരം
കാട്ടിലെ പൈതങ്ങൾ പട്ടിണിമൂലം
മരിക്കുന്ന കാഴ്ചകൾ ദിവസവും
കാടിന്റെ മക്കളാണവർ
വനവിഭവങ്ങൾ കൊണ്ടുമാത്രം
ഉപജീവനം നടത്തുന്ന മക്കളെ
നിൻ വിശപ്പ് സഹിക്കുക.
ജാതി ,മത, വർണ്ണ ഭേദങ്ങൾ
എന്നെ വേദനിപ്പിക്കുന്നുവല്ലോ ......

Farhana.F

# ഒരു മഴക്കാലം

ഇന്നെന്റെയുമ്മറത്തിൽ പടിയിലല്ലോ
നനുനനെ പെയ്യുന്നു മഴയൊന്നിതാ
വേനലാൽ പുളയുന്ന പാമ്പു പോലും ഇന്ന്
ആർദ്രമായി പരിണമിച്ചീ വേളയിൽ
വിരയുന്നു ഉരഗങ്ങൾ മാളത്തിനുള്ളിലായ്
ചൊരിയുന്ന മഴതൻ തണുപ്പതിനായി
വിരിയുവാൻ ത്വരയാർന്ന മുല്ലതൻ
മൊട്ടിനും
ആത്മദാഹശമനമീ മഴതൻ തുള്ളികൾ
ജനിമൃതികളും താണ്ടി കടന്നൊരാ
മർത്ത്യന്
ചെറുതൊന്നുമല്ലയീ മഴയാം സുഖം
മഴതന്നൊരാസ്പഷ്ട ഓർമ്മകൾ നന്നാവാൻ
വിഘാതമുണ്ടാത്മാവിലെല്ലായ്പ്പഴും

ചേണുറ്റൊരായെന്റെ പന്ഥാവിലെപ്പോഴോ
അഭിരാമ്മായെ ചരണങ്ങൾ പതിയുന്ന
മഴയെന്റെ വിയത്തിലിന്നൊരുനേർത്ത
അംശമായി വിലയിച്ചു ചേരുന്നതീവേളയിൽ
നുകരുവാൻ തോന്നുന്നദ മഴ തന്റെ
ചങ്ങാത്തം
കാൽക്ഷണം പോലുമില്ലെന്നുടെ കൈവശം
കോലുന്ന വിതുമ്പുന്ന മഴയെന്റെ മുന്നിലായ്
ശ്രുദ്ധമൂലമിതാരിന്നു കണ്ടിരിപ്പൂ
നിർവികല്പമായയെന്റയീ ഉന്മാദ-
മാരു ശമിപ്പിക്കുമെന്നാണെൻ നിനവ്
അഭിവാഞ്ഛരയാൽ എന്നെ കുളിർപ്പിച്ച
മഴക്കാലമിനിയൊന്ന് കാൺമതു സാധ്യമോ...

Noufiya

# UNSPOKEN TRUTH

*Have a lot in the mind,*
*But they are not lined.*
*Don't know what to find,*
*Feels like i am blind.*

*Wish to talk to someone,*
*But don't trust no one,*
*Always wanted to be strong,*
*And also a loved one.*

*The sleepless night feels long,*
*Not sure if its where I belong.*
*Always wanted to be strong,*
*But sung myself something was wrong*

**Sreehari.S**

# MY CAT IS FAT

I he a cat named Vesters
And he eats all day
He always days around
And never wants to play
Not even with a squeaky toy
Nor anything that mouse.
when i have him excercise,
He always disapproves

So we he Put him died,
But New he yells all day
And even though he s thinner
He still wont come and play.



Gowrivinayak.MS

# ഓർമ്മകൾ

പൊടിപിടിച്ച പുസ്തകങ്ങൾ
പെറുക്കിയെടുക്കണം
അതിലെ
ചിതലരിച്ച
പുസ്തകത്താളുകളിൽ
ബാക്കിയായവ
വീണ്ടെടുക്കണം
മാഞ്ഞുപോകാറായ
വരികൾക്കുമീതെ
എഴുതി
ഓർമ്മകൾക്ക് ജീവൻ
നൽകണം

**Muhsin.s**



**Gowri Vinayak**

ദ്യുതി 2024

# Thank You

ദ്യുതി 2024

# V.V.H.S.S

**POREDOM,CHADAYAMANGALAM**

little KITEs